(ഇ) നിലവിലുള്ള നിയമ പ്രകാരം മാർച്ച് 31-ന് വിരമിക്കുന്ന അദ്ധ്യാപകർക്ക് ഏപ്രിൽ മാസം മുതൽ പെൻഷന് മാത്രമാണ് അർഹതയുള്ളത്. K.S.R. പാർട്ട് 1, ചട്ടം 60 (C) പ്രകാരം മാർച്ച് 31-ന് വരെ തുടരുന്നവർക്ക് 55 വയസ്സ് പൂർത്തിയാക്കുന്ന മാസം വാങ്ങുന്ന ശമ്പളവും അലവൻസിനും മാത്രമാണ് അർഹതയുള്ളത്. 55 വയസ്സ് പൂർത്തിയാകുന്ന തീയതിയ്ക്ക് ശേഷം നടപ്പിലാക്കുന്ന ശമ്പള പരിഷ്ക്കരണത്തിന് അവർ അർഹരല്ല.

(എഫ്) സുപ്രീംകോടതിയുടെ അന്തിമ വിധി അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു.

പാരിസ്ഥിതിക പ്രശ്നങ്ങൾ

14 [2494] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. ബാബു:

" ഡൊമിനിക് പ്രസന്റേഷൻ:

" അടൂർ പ്രകാശ്:

" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എത്ര വർഷങ്ങളായി മഴ കുറയുകയും ചൂട് കൂടുകയും ചെയ്യുന്ന പ്രതിഭാസം സംസ്ഥാനത്ത് അനുഭവപ്പെടുന്നു;

(ബി) ഇത് സൃഷ്ടിച്ച പരിസ്ഥിതി പ്രശ്നത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(സി) തണ്ണീർതടങ്ങൾ നികത്തുക, കുളങ്ങളും കിണറുകളും മൂടുക, മരങ്ങൾ വെട്ടുക മുതലായവ സംസ്ഥാനത്തെ പരിസ്ഥിതിയെ എപ്രകാരം ബാധിച്ചു എന്നത് സംബന്ധിച്ച് പഠനം നടത്തുകയും പ്രതിവിധി കണ്ടെത്തുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) നദിയിൽ നിന്നും മണൽ വാരുക, പാറ പൊട്ടിക്കുക, കൃഷിയിടങ്ങളിൽ നിന്ന് വൻതോതിൽ മേൽമണ്ണ് നീക്കം ചെയ്യുക തുടങ്ങിയ നടപടികൾ സംസ്ഥാനത്തിന്റെ പരിസ്ഥിതിയെ തകരാറിലാക്കിയിട്ടുണ്ടോ;

(ഇ) ഇക്കാര്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ) 1999 മുതൽ മഴയുടെ ലഭ്യതയിൽ കുറവു കാണുന്നുണ്ടെങ്കിലും ചൂട് ഗണ്യമായ തോതിൽ വർദ്ധിക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യങ്ങളിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം. ചില പഠനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി ആന്റ് ഇ) ഇത്തരം പ്രവർത്തനങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നദിയിൽ നിന്നും മണൽ വാരുന്നതിന്റെ ഫലമായി നദികളുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുക, നദികളുടെ അടിത്തട്ട് കൂടുതൽ താഴുക, നദിയുടെ സമീപപ്രദേശങ്ങളിലെ ഭൂഗർഭ ജലനിരപ്പ് താഴുക, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, ബണ്ടുകൾ, നദീതീരം എന്നിവയ്ക്ക് ബലക്ഷയം സംഭവിക്കുക എന്നിവ സംജാതമാകുന്നു. മറ്റു കാര്യങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

അസംബ്ലി നിയോജകമണ്ഡലങ്ങളുടെ പുനഃസംഘടന

15 [2495] ശ്രീ. കെ. പി. മോഹനൻ:
„ സി. കെ. നാണു:
„ എ. സി. ഷൺമുഖദാസ്:
ഡോ: എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ലി നിയോജകമണ്ഡലങ്ങളുടെ പുനഃസംഘടന സംബന്ധിച്ച് നടപടി ഇപ്പോൾ സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) എങ്കിൽ നടപടി സംബന്ധിച്ച സംക്ഷിപ്ത വിവരണം ലഭ്യമാക്കുമോ;

(സി) 2001-ലെ സെൻസസ് പ്രകാരം ഏതെല്ലാം ജില്ലകളിൽ നിയമസഭ സീറ്റുകളുടെ എണ്ണം വർദ്ധിക്കുമെന്നും, ഏതെല്ലാം ജില്ലകളിൽ എണ്ണം കുറയുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര ഡീലിമിറ്റേഷൻ കമ്മീഷൻ 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നിയോജക മണ്ഡലങ്ങളുടെ പുനർനിർണ്ണയം സംബന്ധിച്ച നടപടികൾ കൈക്കൊണ്ടുവരുകയാണ്.

(ബി) കമ്മീഷൻ 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയ്ക്കും ലഭിക്കുന്ന നിയോജക മണ്ഡലങ്ങളുടെ എണ്ണവും സംവരണ മണ്ഡലങ്ങൾ ഏതു ജില്ലകളിലാണ് വരേണ്ടതെന്നും കാണിക്കുന്ന രണ്ട് വർക്കിംഗ് പേപ്പർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി കമ്മീഷൻ കൈക്കൊണ്ടു വരുകയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly